(ഡി) അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ ഇതിനോടകം തന്നെ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷനിലൂടെ നികത്തുന്നതാണ്. പബ്ലിക് ഹെൽത്ത് നഴ്സസ് തസ്തികയിലെ ഒഴിവ് നികത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോർപ്പറേഷന്റെ അനാസ്ഥ

5 (712) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോർപ്പറേഷന്റെ പിടിപ്പുകേടുമൂലം അവശ്യമരുന്നുകളുടെ വിതരണം താറുമാറായതിന് പുറമേ എക്സ്റേ, ഇ.സി.ജി. തുടങ്ങിയവയ്ക്ക് ചാർജ് വർദ്ധിപ്പിക്കാൻ അനുമതി കൊടുത്തതുമൂലം രോഗികൾക്ക് ഇരട്ട പ്രഹരമാണ് ഉണ്ടായതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ രോഗികളിൽ നിന്നും വർദ്ധിപ്പിച്ച ഫീസ് ഈടാക്കാൻ ആശുപത്രി വികസന സമിതികൾക്ക് നിർദ്ദേശം നൽകിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെണ്ടറിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ, വിതരണത്തിൽ വീഴ്ച വരുത്തിയ മരുന്നുകൾ എന്നിവയുടെ വിതരണത്തിൽ നേരിയ കാലതാമസം നേരിടുവാൻ കാരണമായിട്ടുണ്ട്. മറ്റു മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ യഥാസമയം തന്നെ വിതരണം നടത്തിയിട്ടുണ്ട്. വിതരണക്കാരെ ലഭിക്കാത്ത മരുന്നുകളും കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മറ്റ് അവശ്യമരുന്നുകളും ആശുപത്രി തലത്തിൽതന്നെ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. എക്സ്റേ, ഇ.സി.ജി. എന്നിവയുടെ ചാർജ് തീരുമാനിക്കുന്നത് അതാത് ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളാണ്.

(ബി) ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശമൊന്നും ആരോഗ്യ വകുപ്പിൽ നിന്ന് നൽകിയിട്ടില്ല. കൂടാതെ ആർ.ബി.എസ്.കെ., ജെ.എസ്.എസ്.കെ., ആരോഗ്യ കിരണം എന്നീ പദ്ധതികളുടെ പരിധിയിൽ വരുന്ന രോഗികൾക്ക് എല്ലാ പരിശോധനയും സൗജന്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly